# കേരള സർവകലാശാല

നം. പി.ആർ.067/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഏകദിന ശില്പശാല

കേരളത്തിലെ വിവിധ സർവകലാശാലകളുടെ പരിധിയിൽ വരുന്ന കോളേജ് പ്രിൻസിപ്പൽമാർക്ക് വേണ്ടി മാർച്ച് 28-ന് നടത്താൻ നിശ്ചയിച്ചിരുന്ന ഏകദിന ശില്പശാല ചില സാങ്കേതിക കാരണങ്ങളാൽ മാർച്ച് 26-ന് യു.ജി.സി ഹ്യൂമൺ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്ററിൽ വെച്ച് നടത്തും. അപേക്ഷാ ഫോറവും വിശദ വിവരങ്ങളും യു.ജി.സി ഹ്യൂമൺ റിസോഴ്സസ് ഡെവലപ്പ്മെന്റ് സെന്ററിലെ വെബ്സൈറ്റിൽ(www.keralauniversity.ac.in/ugcasc/ugchrdc.in) നിന്ന് ലഭിക്കും. അപേക്ഷകൾ ദി ഡയറക്ടർ, യു.ജി.സി ഹ്യൂമൺ റിസോഴ്സ് ഡെവലപ്പ്മെന്റ് സെന്റർ, ഗോൾഡൻ ജൂബിലി ബിൽഡിംഗ്, യൂണിവേഴ്സിറ്റി ഓഫ് കേരള, കാര്യവട്ടം-695581 എന്ന വിലാസത്തിൽ മാർച്ച് 24-ന് മുൻപ് ലഭിക്കണം.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാൻ)*

## ബി.ബി.എ പുനർമൂല്യനിർണ്ണയം

2017 ആഗസ്റ്റിൽ നടത്തിയ ഒന്നാം വർഷ ബി.ബി.എ ഡിഗ്രി പ്രൈവറ്റ് സ്റ്റഡി - ആന്വൽ സ്കീമിന്റെ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കേണ്ട അവസാന തീയതി ഏപ്രിൽ 25 ആക്കി മാറ്റിയിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിലും (www.keralauniversity.ac.in) പരീക്ഷാകേന്ദ്രങ്ങളിലും ലഭിക്കും.

## പ്രോജക്ട്/ഡിസർട്ടേഷൻ സമർപ്പിക്കണം

ഏപ്രിൽ 16-ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ് ബി.എ/ബി.കോം പരീക്ഷകളുടെ പ്രോജക്ട്/ഡിസർട്ടേഷൻ ഏപ്രിൽ അഞ്ചിനകം കോളേജുകളിൽ സമർപ്പിക്കേണ്ടതാണ്. വൈവ-വോസി പരീക്ഷ ഏപ്രിൽ രണ്ടാംവാരം നടത്തും. തീയതി പിന്നീട് അറിയിക്കും.

## യു.ജി ക്ലാസ്സുകൾ ആരംഭിക്കും

വിദൂരവിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന രണ്ടാം സെമസ്റ്റർ യു.ജി കോഴ്സുകളുടെ ക്ലാസ്സുകൾ ഏപ്രിൽ നാല് മുതൽ ഏപ്രിൽ 13 വരെ ബി.എ ഹിസ്റ്ററി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, മലയാളം, ബി.എസ്സി മാത്തമാറ്റിക്സ് ക്ലാസുകൾ കാര്യവട്ടം ക്യാമ്പസിൽ വച്ചും ബി.എ ഇംഗ്ലീഷ്, സോഷ്യോളജി എന്നിവയുടെ ക്ലാസുകൾ പാളയം എസ്.ഡി.ഇ-യിൽ വച്ചും ഏപ്രിൽ 16 മുതൽ ഏപ്രിൽ 25 വരെ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.കോം ടാക്സേഷൻ ക്ലാസുകൾ കാര്യവട്ടം ക്യാമ്പസിൽ വച്ചും ബി.കോം ഫിനാൻസ് ക്ലാസുകൾ പാളയം എസ്.ഡി.ഇ-യിൽ വച്ചും ഏപ്രിൽ ഏഴ് മുതൽ ബി.എ ഇംഗ്ലീഷ്, സോഷ്യോളജി, മലയാളം ക്ലാസുകൾ കൊല്ലം മുളങ്കാടകം യു.ഐ.ടിയിൽ വച്ചും ബി.കോം, ബി.എ ഹിസ്റ്ററി ക്ലാസുകൾ തേവള്ളി, ബോയ്സ് എച്ച്.എസ്.എസ്-ലെ ബി.എഡ് കോളേജിൽ വച്ചും ബി.കോം ക്ലാസുകൾ ആലപ്പുഴ യു.ഐ.ടി -യിൽ വച്ചും നടക്കും. സമയം: രാവിലെ 9.30 മുതൽ 4.30 വരെ.

## പി.ജി പരീക്ഷ

ഏപ്രിൽ 18-ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ (സി.എസ്.എസ്) (2016-2018) പി.ജി പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ ആറ്, 50 രൂപ പിഴയോടെ ഏപ്രിൽ ഒൻപത്, 125 രൂപ പിഴയോടെ ഏപ്രിൽ 10 വരെ ഫീസടച്ച് അപേക്ഷിക്കാം.

## എം.പി.ഇ പരീക്ഷ

ഏപ്രിലിൽ നടത്തുന്ന മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (എം.പി.ഇ), പ്രീവിയസ്, ഫൈനൽ പരീക്ഷകൾക്കുള്ള അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 28, 50 രൂപ പിഴയോടെ ഏപ്രിൽ രണ്ട്, 125 രൂപ പിഴയോടെ ഏപ്രിൽ നാല് വരെയും ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
23.03.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com
website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098